അഗളി, ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിലെ കുഴൽകിണറുകൾ

905 [1080] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഗളി, ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിൽ എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്;

(ബി) ഇതിൽ ജലദൗർലഭ്യംമൂലം പ്രവർത്തിക്കാതിരിക്കുന്ന കുഴൽകിണറുകൾ എത്ര; ഇപ്പോൾ 1986 ജൂൺ മാസത്തിൽ ഇവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) അഗളി, ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിൽ യഥാക്രമം 18, 6, 8 കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ട്.

(ബി) ജലദൗർലഭ്യംമൂലം അഗളിയിൽ ഒന്നും, ഷോളയൂരിൽ ഒന്നും പ്രവർത്തിക്കാതിരിക്കുന്നുണ്ട്. അഗളി, ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിൽ യഥാക്രമം 17, 5, 8 കുഴൽക്കിണറുകൾ പ്രവർത്തിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ 1986 ജനുവരി ഒന്നിന് ശേഷം കുഴിച്ച കുഴൽ കിണറുകൾ

906 [1031] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 1936 ജനുവരി ഒന്നിനുശേഷം എത്ര കുഴൽ കിണറുകൾ കുഴിച്ചു;

(ബി) ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്;

(സി) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മലപ്പട്ടം, ശ്രീകണ്ഠപുരം, സംകുളം, കല്യാട്, ചെമ്പേരി ടൗൺ എന്നീ പാടങ്ങളിലെ കുഴൽ കിണറുകൾ പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നും പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഈ കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാണോ?

ഉത്തരം

(എ) 20 എണ്ണം.

(ബി) 17 എണ്ണം.

(സി) ചെമ്പേരി ടൗണിലുള്ള കുഴൽ കിണർ പ്രവർത്തനക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റുള്ള സ്ഥലങ്ങളെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly.

(ഡി, ഇ) മലപ്പട്ടം, കല്യാട് എന്നി കുഴൽ കിണറുകളിൽ സ്ഥാപിച്ചിട്ടുള്ള പവ്വർപമ്പ് കുഴൽ കിണറിന്റെ മദ്ധ്യഭാഗത്ത് സ്ഥിരക്കായതിനാൽ പമ്പ് കൂടുതൽ ആഴത്തിൽ താഴ്ത്തുവാനോ ഉയർത്തുവാനോ, ഉയരത്തിൽ താഴ്ത്തുവാനോ ഉയർത്തി പുറത്തേയ്ക്കെടുക്കുവാനോ വയ്യാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. പമ്പ് എത്രയും വേഗത്തിൽ മാറ്റി പുനഃസ്ഥാപിക്കുവാൻവേണ്ടി നടപടി സ്വീകരിച്ച് വരുന്നുണ്ട്. ശ്രീകണ്ഠപുരം സ്കൂളിലെ കുഴൽ കിണറിൽ ഫിറ്റ് ചെയ്ത ഹാൻഡ് പമ്പ് കേടായതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഹാൻഡ് പമ്പ് മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ കുഴൽ കിണറുകൾ

907 [1082] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം കണ്ണൂർ ജില്ലയിലെ കൃഷിക്കാരിൽനിന്നും ജലസേചന സൗകര്യാർത്ഥം 'ബോർവെൽ' കുഴിക്കാനായി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം വില്ലേജുകളിലാണ് ഇതു സംബന്ധിച്ച് സർവ്വേ നടത്തിയത്; ഓരോ അപേക്ഷയിൻമേലും എന്തൊക്കെ ടെസ്റ്റും സർവേയുമാണ് നടത്തിയത്: ഓരോന്നിലും ചിലവുമാനം എന്തായിരുന്നു;

(സി) ബോർവെൽ കുഴിക്കുന്നത് പ്രായോഗികമല്ല എന്നു തീരുമാനിക്കുന്നത് ഇതു സംബന്ധിച്ചുള്ള വിദഗ്ദ്ധ ടെസ്റ്റായ സിസ്തിക് ടെസ്റ്റും മറ്റും നടത്തിയതിനുശേഷമാണോ;

(ഡി) ഇല്ലെങ്കിൽ അത്തരം ടെസ്റ്റും സർവേയും കൂടി നടത്തി പ്രായോഗികത തീരുമാനിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) 228 കർഷകർ കാർഷിക ആവശ്യത്തിനുവേണ്ടി ബോർവെൽ കുഴിക്കാനായി അപേക്ഷിച്ചിരുന്നു. ഇതിൽ 122 അപേക്ഷകൾ കാസർകോട് ജില്ലയിൽനിന്നും ആയിരുന്നു. കാസർകോട് ജില്ലയ്ക്കു പ്രത്യേകമായി ഹൈഡ്രോജിയോളജിസ്റ്റിന്റെ ആഫീസർ ഇല്ലാത്തതിനാൽ കണ്ണൂരിൽ നിന്നുമാണ് പര്യവേഷണം നടത്തുന്നത്.

(ബി) സർവ്വേ നടത്തുന്നതു വില്ലേജ് തലത്തിലല്ല. വിശദമായ ഉപഗ്രഹപ്രതിബിംബ ചിത്രങ്ങളും, ഏരിയൽ ഫോട്ടോഗ്രാഫുകളും, ഭൂഗർഭ ശിലാഘടനാ പഠനങ്ങളും ഹൈഡ്രോജിയോളജിക്കൽ മാപ്പിംഗും ഭൂഭൗതിക പഠനങ്ങളും നടത്തിയതിനുശേഷമാണ് ഏതുതരം കിണറുകൾക്ക് സ്ഥാനനിർണ്ണയം നടത്തേണ്ടത് എന്ന് തീരുമാനിക്കുന്നത്.

(സി) മുകളിൽ 'ബി'യിൽ പറഞ്ഞിട്ടുള്ള ഉപാധികളുടെ വെളിച്ചത്തിലുള്ള കൂട്ടുചേർന്ന പഠനങ്ങൾക്കു മാത്രമേ കുഴൽ (ബോർ) കിണർ കുഴിക്കുന്നതിനു പ്രായോഗികമാണോ എന്നു തീരുമാനിക്കാനാകൂ. 'സിസ്തി ടെസ്റ്റ്' എന്ന പരിവേഷണത്തിനാണ് നടത്തുന്നത്. ഭൂഗർഭ ജലപര്യവേഷണത്തിനല്ല.

(ഡി) മുകളിൽ 'സി'യിൽ പറഞ്ഞിരിക്കുന്നതിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly